# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

ഡിസംബർ 20

**December 20**

**2019**

*1193 ധനു 4* വെള്ളി


# പത്രക്കുറിപ്പ് -1


www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


## ആറന്മുള കൃഷിഭവൻ ഓഫീസ് കെട്ടിടം ഇന്ന് (21ന്) മന്ത്രി വി.എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും

ആറന്മുള ഗ്രാമപഞ്ചായത്തും പന്തളം ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നിർമിച്ച ആറന്മുള കൃഷിഭവൻ ഓഫീസ് കെട്ടിടം ഉദ്ഘാടനം ഇന്ന് (21ന്) രാവിലെ 11.30 ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. കിടങ്ങന്നൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ പുതിയ ബ്ലോക്കിന്റെ ഒന്നാം നിലയിലാണ് ആറന്മുള കൃഷിഭവൻ ഓഫീസ് കെട്ടിടം ഒരുക്കിയിരിക്കുന്നത്.

വീണാ ജോർജ് എം.എൽ.എ അധ്യക്ഷതവഹിക്കുന്ന യോഗത്തിൽ ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തും. ഉദ്ഘാടന ചടങ്ങിൽ ആറന്മുള ഗ്രാമ പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കർഷകരായ ഹരിറാം, റോയി സഖറിയ, എം.ആർ വിജയകുമാർ, എം.എൻ രമാകരൻ, പൊന്നമ്മ കുട്ടപ്പൻ, സുലതാ മോഹൻ, പി.എം ദേവിക, എസ്.അനന്തു, സുരേഷ് കുമാർ എന്നിവരെ ആദരിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഐഷ പുരുഷോത്തമൻ, ജില്ലാ പഞ്ചായത്ത് മെമ്പർ വിനീത അനിൽ, പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രേഖ അനിൽ, പന്തളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ബി സതീഷ് കുമാർ, ജില്ലാ അഗ്രികൾച്ചറൽ ഓഫീസറും പ്രിൻസിപ്പളുമായ ഷീല പണിക്കർ, ആറന്മുള പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രസാദ് വേരുങ്കൽ, വികസന

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.ആർ കാവേരി, ക്ഷേമകാര്യ ചെയർമാൻ എം.പി ഉണ്ണികൃഷ്ണൻ, വിദ്യാഭ്യാസ ആരോഗ്യ സറ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഷീജ ടി.റ്റോജി, ക്ഷേമകാര്യ ബ്ലോക്ക് പഞ്ചായത്ത് അംഗം പി.ബി സുബീഷ് കുമാർ, ബ്ലോക്ക് അംഗങ്ങളായ ശാന്തമ്മ ടീച്ചർ, എൻ.എസ് കുമാർ, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ മനോജ് ജോർജ്, ദേവി രമേശ്, രമാദേവി, കെ.കെ ശിവാനന്ദൻ, സുജു സുരേഷ്, പ്രസന്നൻ, ഷാജൻ തോമസ്, സുജാമണി, എസ്.വി ശ്രീകുമാർ, കൃഷ്ണൻകുട്ടി, സൂസൻ ശാമുവേൽ, സോമവല്ലി, വസന്തകുമാർ, ആറന്മുള എസ്.സി.ബി. പ്രസിഡന്റ് കെ.ശിവപ്രസാദ്, ആറാട്ടുപുഴ എസ്.സി.ബി. പ്രസിഡന്റ് നാരായണൻ നായർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.വിജയ്, സി.ഡി.എസ്. അംഗം എ.കെ. രമണി, ആറന്മുള കൃഷി ഓഫീസർ ദിവ്യശ്രീ, വിവിധ രാഷ്ട്രീയപാർട്ടി പ്രവർത്തകരായ എ.പി ജയൻ, ആർ.അജയകുമാർ, പി.എം ജേക്കബ്, സുരേഷ് കുമാർ, തോമസ് മാത്യു വെൺമേലി എന്നിവർ പങ്കെടുക്കും.

(പിഎൻപി 3718/19)

## കൊടുമൺ സമ്പൂർണ തരിശുരഹിത പ്രഖ്യാപനം
## മന്ത്രി വി.എസ് സുനിൽകുമാർ ഇന്ന്(21) നിർവഹിക്കും

കൊടുമൺ സമ്പൂർണ തരിശുരഹിത ഗ്രാമപഞ്ചായത്ത് പ്രഖ്യാപനം ഇന്ന്(21) കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ നിർവഹിക്കും. കൊടുമൺ സെന്റ് പീറ്റേഴ്സ് യു.പി സ്കൂളിൽ ഉച്ചയ്ക്ക് ര ിന് നടക്കുന്ന പരിപാടിയിൽ വിവിധ കാർഷിക പദ്ധതികളുടെ വിതരണോദ്ഘാടനവും നടക്കും. ചിറ്റയം ഗോപകുമാർ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൊടുമൺ റൈസിന്റെ അഞ്ചാം ബാച്ച് വിപണനോദ്ഘാടനവും മന്ത്രി നിർവഹിക്കും.

ആന്റോ ആന്റണി എം.പി പഞ്ചായത്തിലെ മികച്ച കർഷകരെ ആദരിക്കും. വിവിധ കാർഷിക ആനുകൂല്യങ്ങളുടെ വിതരണോദ്ഘാടനം വീണാ ജോർജ് എം.എൽ.എ നടത്തും. സമ്പൂർണ ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനം ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ സീമ നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പദ്ധതികളുടെ പ്രഖ്യാപനവും സഹായ വിതരണവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കും. ഇതോടനുബന്ധിച്ച് രാവിലെ 10 മുതൽ കാർഷിക സെമിനാറും നടക്കും.

ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ കൃഷി വകുപ്പിന്റെ സഹാകാരണത്തോടെയാണ് കൊടുമൺ പഞ്ചായത്തിനെ തരിശുരഹിതമാക്കുന്നത്. പദ്ധതിയുടെ ഭാഗമായി 125 ഏക്കർ തരിശുനിലം നെൽകൃഷി ഉൾപ്പെടെ 400 ഏക്കർ കൃഷിയോഗ്യമാക്കി. ഇതോടൊപ്പം 42 ഏക്കർ കരഭൂമിയിലും കൃഷി ആരംഭിച്ചു.

ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ആർ.ബി രാജീവ് കുമാർ, ബി.സതികുമാരി, പറ ക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാപ്രഭ, കൊടുമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞന്നാമ്മകുഞ്ഞ്, കൊടുമൺ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അഡ്വ.സി.പ്രകാശ്, എം.ആർ.എസ് ഉണ്ണിത്താൻ, ജെ.ശാരദ, എൻ.കെ ഉദയകുമാർ, ലളിതാ രവീന്ദ്രൻ, ഐക്കര ഉണ്ണികൃഷ്ണൻ, ബി.സഹദേവൻ ഉണ്ണിത്താൻ, സി.ബാലചന്ദ്രൻ നായർ, ശ്യാം സത്യ, ജിതേഷ് കുമാർ, വിനി ആനന്ദ്, ആരതി, ലീലമണി വാസുദേവൻ, ജ്യോതിലക്ഷ്മി, ചിരണിക്കൽ ശ്രീകുമാർ, കെ.ഓമനയമ്മ, പുഷ്പലത, എ.ജി ശ്രീകുമാർ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളായ കെ.പി ഉദയഭാനു, എ.പി ജയൻ, ബാബു ജോർജ്, അശോകൻ കുളനട, ജില്ലാ കൃഷി ഓഫീസർ ഷീല പണിക്കർ, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സി.ചന്ദ്രശേഖരൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെ.വി സുരേഷ്, ഹരിത കേരളം മിഷൻ ടെക്നിക്കൽ ഓഫീസർ ഹരിപ്രിയ ദേവി, കൊടുമൺ കൃഷി ഓഫീസർ ആദില എസ്, എഴുമറ്റൂർ കൃഷി ഓഫീസർ മാത്യു എബ്രഹാം, കൃഷി അസിസ്റ്റന്റ് ജോതിഷ് കുമാർ, ഹരിതകേരളം മിഷൻ ജില്ലാ കോ

ഓർഡിനേറ്റർ ആർ.രാജേഷ്, ഫാർമേഴ്സ് സൊസൈറ്റി പ്രസിഡന്റ് എ.എൻ സലീം, കൊടുമൺ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് സി.സി ചന്ദ്രൻ, സി.ഡി.എസ് ചെയർപേഴ്സൺ സുമതി ഗോപിനാഥ്, ബിന്ദു എസ്.പിള്ള, സെക്രട്ടറി ടി.പി ജോഷ്വാ, കേരളകർഷകൻ അസിസ്റ്റന്റ് എഡിറ്റർ സി.സുരേഷ്, ആത്മ പ്രൊജക്ട് ഡയറക്ടർ വിനോജ് മാമ്മൻ, തുടങ്ങിവർ ചടങ്ങിൽ പങ്കെടുക്കും.

(പിഎൻപി 3719/19)

## സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി: ജില്ലാതല അവാർഡ് വിതരണം ഇന്ന് (21)

സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ജില്ലാതല അവാർഡ് വിതരണോദ്ഘാടനവും അവാർഡ് ദാനവും ഇന്ന്(ഡിസംബർ 21) ഉച്ചകഴിഞ്ഞ് മൂന്നിന് അടൂർ ഗവ.ഗേൾസ് ഹയർ സെക്കന്ററി ഹൈസ്കൂളിൽ കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ നിർവഹിക്കും. കാർഷിക വിജ്ഞാന വ്യാപന പദ്ധതി പ്രകാരം മികച്ച കൃഷി വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർക്കുള്ള അവാർഡ് വിതരണം, സുസ്ഥിര കൃഷിക്കായുള്ള ദേശീയ ദൗത്യപ്രകാരം മാതൃകാ വില്ലേജ് പദ്ധതി പള്ളിക്കൽ പഞ്ചായത്തിന് അനുവദിച്ചു കൊ ുള്ള പ്രഖ്യാപനം എന്നിവ മന്ത്രി നടത്തും. ജില്ലയിലെ സംസ്ഥാനതല അവാർഡ് ജേതാക്കളായ കർഷകരേയും ഉദ്യോഗസ്ഥരെയും ചടങ്ങിൽ ആദരിക്കും.

ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി, എം.എൽ.എമാരായ മാത്യു ടി. തോമസ്, രാജു എബ്രഹാം, വീണാ ജോർജ്, കെ.യു ജനീഷ് കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമൻ കൊ ൂർ, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ടി. മുരുകേഷ്, സാം ഈപ്പൻ, അടൂർ മുൻസിപ്പൽ ചെയർപേഴ്സൺ ഷൈനി ബോബി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീന പ്രഭ, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസന്നകുമാരി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ. രാധാകൃഷ്ണൻ, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.പി സന്തോഷ്, ബ്ലോക്ക് പഞ്ചായത്ത് അംഗം ആശാ ഷാജി, പള്ളിക്കൽ പഞ്ചായത്ത് അംഗമായ കുഞ്ഞുമോൾ കൊച്ചു പാപ്പി, എൻ.ഡബ്ല്യു.ഡി.പി.ആർ.എ കൃഷി ഡെപ്യൂട്ടി ഡയറക്ടർ എൻ.ചന്ദ്രശേഖരൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷീല പണിക്കർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായ കെ.എസ് പ്രദീപ്, കെ.വി സുരേഷ്, രാഷ്ട്രീയ പ്രതിനിധികളായ കെ.പി ഉദയഭാനു, എ.പി ജയൻ, ബാബു ജോർജ്, അശോകൻ കുളനട, അലക്സ് കണമല, വിക്ടർ ടി തോമസ്, എബ്രഹാം തലവടി, മു ക്കൽ ശ്രീകുമാർ, സമദ് മേപ്പുറത്ത്, വാളകം ജോൺ, തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 3720/19)

## സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി 2019: ജില്ലാതല അവാർഡ് ജേതാക്കൾ

മികച്ച കർഷകൻ പനച്ചിത്ര വീട്ടിൽ പി.എം മാധവൻ (കുറ്റൂർ കൃഷിഭവൻ, തിരുവല്ല ബ്ലോക്ക്) ഒന്നാം സ്ഥാനവും ഒട്ടത്തിൽ വീട്ടിൽ സി.ജിതിൻ(നെടുമ്പ്രം കൃഷിഭവൻ, തിരുവല്ല ബ്ലോക്ക്), കുമ്പിളുവേലിൽ കെ.ജെ ജോസഫ് (കോട്ടാങ്ങൽ കൃഷിഭവൻ, മല്ലപ്പള്ളി ബ്ലോക്ക്) എന്നിവർ ര ാം സ്ഥാനവും കോന്നി ബ്ലോക്കിലെ ഗോപാൽ ഭവനത്തിൽ രവീന്ദ്രൻ നായർ (പ്രമാടം കൃഷിഭവൻ) മൂന്നാം സ്ഥാനവും നേടി അവാർഡിന് അർഹരായി.

മികച്ച ക്ലസ്റ്റർ വിഭാഗത്തിൽ കോന്നി ബ്ലോക്കിലെ പ്രമാടം ഹരിത എ ഗ്രേഡ് ക്ലസ്റ്റർ (പ്രമാടം കൃഷിഭവൻ), തിരുവല്ല ബ്ലോക്കിലെ കൈരളി എ ഗ്രേഡ് ക്ലസ്റ്റർ (നെടുമ്പ്രം കൃഷിഭവൻ), റാന്നി ബ്ലോക്കിലെ വെച്ചൂച്ചിറ എ ഗ്രേഡ് ക്ലസ്റ്റർ (വെച്ചൂച്ചിറ കൃഷിഭവൻ) യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനത്തിന് അർഹരായി.

മികച്ച സ്ഥാപനാധിഷ്ഠത കൃഷി(പബ്ലിക്) വിഭാഗത്തിൽ കോന്നി ബ്ലോക്ക് കെ.എം.യു.പി.എസ് മല്ലശ്ശേരി (പ്രമാടം കൃഷിഭവൻ), പത്തനംതിട്ട ബ്ലോക്ക് ജി.യു.പി.എസ് കോഴഞ്ചേരി (കോഴഞ്ചേരി കൃഷി ഭവൻ), പന്തളം ബ്ലോക്കിലെ ഗവൺമെന്റ് ഐ.ടി.ഐ, (തോന്നല്ലൂർ കൃഷിഭവൻ) ഒന്നും, ര ും, മൂന്നും സ്ഥാനങ്ങൾ നേടി.

മികച്ച സ്ഥാപനാധിഷ്ഠിത കൃഷി (പ്രൈവറ്റ് ) വിഭാഗത്തിൽ മല്ലപ്പള്ളി ബ്ലോക്കിലെ എം.ജി.എം ബദനി ശാന്തി ഭവൻ സ്പെഷ്യൽ സ്കൂൾ (കല്ലൂപ്പാറ കൃഷിഭവൻ, മല്ലപ്പള്ളി ബ്ലോക്ക്) ശ്രീശബരി ദുർഗ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് (കോട്ടക്കൽ കൃഷിഭവൻ, മല്ലപ്പള്ളി ബ്ലോക്ക്), തിരുവല്ല ബ്ലോക്കിലെ മേരിഗിരി അരമന (തിരുവല്ല കൃഷിഭവൻ) എന്നിവ യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

മികച്ച സ്കൂൾ പച്ചക്കറിത്തോട്ടം വിഭാഗത്തിൽ അടൂർ ബ്ലോക്കിലുൾപ്പെട്ട സി.എസ്.ഐ.എച്ച്.എസ്.എസ് ഫോർ പാർഷ്യലി ഹിയറിംഗ് (ഏറത്ത് കൃഷിഭവൻ), അടൂർ ബ്ലോക്കിൽപ്പെട്ട ദീപ്തി സ്പെഷ്യൽ സ്കൂൾ മണക്കാല (ഏറത്ത് കൃഷിഭവൻ), കോന്നി ബ്ലോക്ക് ഗവ.വി.എച്ച്.എസ്.എസ് കൈപ്പട്ടൂർ (വള്ളിക്കോട് കൃഷി ഭവൻ), കോന്നി ബ്ലോക്കിൽപ്പെട്ട മർത്തോമ എച്ച്.എസ്.എസ് മേക്കോഴൂർ (മൈലപ്ര കൃഷിഭവൻ) എന്നിവ യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

മികച്ച പ്രധാന അധ്യാപക വിഭാഗത്തിൽസി.എം.എസ് എൽ.പി.എസ് എണ്ണൂറാം വയൽ വെച്ചുച്ചിയിലെ സാബു പുല്ലാട്ട് (റാന്നി ബ്ലോക്ക്), മർത്തോമ്മ എച്ച്.എസ്.എസിലെ രാജീവൻ നായർ (മൈലപ്ര കൃഷിഭവൻ, കോന്നി ബ്ലോക്ക്), വി.പ്രിയ, ജി.വി.എച്ച്.എസ്.എസ് കൈപ്പട്ടൂർ, (വള്ളിക്കോട് കൃഷിഭവൻ കോന്നി ബ്ലോക്ക്) എന്നിവർ ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ നേടി അവാർഡിന് അർഹരായി.

മികച്ച അധ്യാപകൻ/അധ്യാപിക വിഭാഗത്തിൽ വിനു വർഗീസ്, സി.എസ്.ഐ. എച്ച്.എസ്.എസ് ഫോർ പാർഷ്യലി ഹിയറിംഗ് (ഏറത്ത് കൃഷിഭവൻ അടൂർ ബ്ലോക്ക്) ഒന്നാം സ്ഥാനവും, മിനി തോമസ്, മർത്തോമ്മ എച്ച്.എസ്.എസ് മേക്കോഴൂർ (മൈലപ്ര കൃഷിഭവൻ, കോന്നി ബ്ലോക്ക്), അന്നമ്മ ടി ബേബി, എം.എസ് എസ്.കെ.ജി ആൻഡ് യു.പി മഞ്ഞാടി (തിരുവല്ല കൃഷിഭവൻ, തിരുവല്ല ബ്ലോക്ക്) എന്നിവർ ര ാം സ്ഥാനവും ആർ.അജീന, ദീപ്തി സ്പെഷ്യൽ സ്കൂൾ മണക്കാല (ഏറത്ത് കൃഷിഭവൻ, അടൂർ ബ്ലോക്ക്) മൂന്നാം സ്ഥാനവും നേടി.

മികച്ച വിദ്യാർഥി/ വിദ്യാർഥിനി വിഭാഗത്തിൽ കൃഷ്ണപ്രിയ, ഗുരുകുലം യു.പി.എസ് ആങ്ങമൂഴി, (സീതത്തോട് കൃഷിഭവൻ, റാന്നി ബ്ലോക്ക്), എൻ.എസ് അഭിജിത്ത്, സെന്റ് ജോർജസ് ഹൈസ്കൂൾ ചുങ്കപ്പാറ (കോട്ടാങ്ങൽ കൃഷിഭവൻ, മല്ലപ്പള്ളി ബ്ലോക്ക്), ആദിഷ് എസ് നായർ, ഗവ.എൽ.പി.എസ് തെങ്ങുംകാവ് (പ്രമാടം കൃഷിഭവൻ, കോന്നി ബ്ലോക്ക്) എന്നിവർ യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ നേടി.

ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയിൽ അഫ്ര ജബ്ബാർ ഇളവ മയൂരം (കോട്ടാങ്ങൽ കൃഷിഭവൻ), ചെറിയാൻ ജോർജ് ,പീടികയിൽ, (കോഴഞ്ചേരി കൃഷിഭവൻ), എസ്. ജോൺസൺ, ഗ്രീൻ ഡെയ്ൽ (ഇരവിപേരൂർ കൃഷിഭവൻ) എന്നിവർ യഥാക്രമം ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ നേടി അവാർഡിന് അർഹരായി.

മികച്ച കൃഷി അസിസ്റ്റന്റ് വിഭാഗത്തിൽ ഒന്നാം സ്ഥാനം: വി.വി അനിൽകുമാർ, (ഇരവിപേരൂർ കൃഷിഭവൻ, പുല്ലാട് ബ്ലോക്ക്), ര ാം സ്ഥാനം: എം.രാജേഷ്, (കല്ലൂപ്പാറ കൃഷിഭവൻ, മല്ലപ്പള്ളി ബ്ലോക്ക്), മൂന്നാം സ്ഥാനം: സുനിതാകുമാരി, (വെച്ചൂച്ചിറ കൃഷിഭവൻ, റാന്നി ബ്ലോക്ക്). മികച്ച കൃഷി ഓഫീസർ വിഭാഗത്തിൽ ഒന്നാംസ്ഥാനം

എസ്.എൽ.ശ്യാംകുമാർ, (തോന്നല്ലൂർ കൃഷിഭവൻ, പന്തളം ബ്ലോക്ക്), ര ാം സ്ഥാനം: എസ്.എൽ ഷീന, (പ്രമാടം കൃഷിഭവൻ, കോന്നി ബ്ലോക്ക്), മൂന്നാം സ്ഥാനം: ഐ.പ്രിയ, (നെടുമ്പ്രം കൃഷിഭവൻ, തിരുവല്ല ബ്ലോക്ക്).

മികച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർ വിഭാഗത്തിൽ ഒന്നാം സ്ഥാനം: മോഹൻ ശങ്കർ, (കോന്നി ബ്ലോക്ക്), ര ാം സ്ഥാനം കെ.വി സുരേഷ്, (അടൂർ ബ്ലോക്ക്), മൂന്നാം സ്ഥാനം: എ.ഡി ഷീല (പന്തളം ബ്ലോക്ക്).

കൃഷി വിജ്ഞാപന ഉദ്യോഗസ്ഥരിലെ മികച്ച കൃഷി അസിസ്റ്റന്റ് വിഭാഗത്തിൽ ഒന്നാം സ്ഥാനം: പി.ജോസ് (തുമ്പമൺ കൃഷിഭവൻ, പന്തളം ബ്ലോക്ക്), ആർ.സന്തോഷ് (അടൂർ കൃഷിഭവൻ, അടൂർ ബ്ലോക്ക്), ര ാം സ്ഥാനം: എസ് ബിന്ദു (തോന്നല്ലൂർ കൃഷിഭവൻ, പന്തളം ബ്ലോക്ക്), മൂന്നാം സ്ഥാനം: ജ്യോതിഷ് കുമാർ, (കൊടുമൺ കൃഷിഭവൻ, അടൂർ ബ്ലോക്ക്).

മികച്ച കൃഷി ഓഫീസർ വിഭാഗത്തിൽ ഒന്നാം സ്ഥാനം: പ്രീജ പ്രേം (കുന്നന്താനം കൃഷിഭവൻ, മല്ലപ്പള്ളി ബ്ലോക്ക്), ര ാം സ്ഥാനം: ട്രീസ സെലിൻ, (വെച്ചൂച്ചിറ കൃഷിഭവൻ, റാന്നി ബ്ലോക്ക്), മൂന്നാം സ്ഥാനം: ആൻസി എം സലിം (പ്രമാടം കൃഷിഭവൻ കോന്നി ബ്ലോക്ക്).

മികച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർ സി.അമ്പിളി (പുല്ലാട് ബ്ലോക്ക്).

## സംസ്ഥാന തല അവാർഡ് ജേതാക്കൾ:-

കർഷക ജ്യോതി അവാർഡിന് ഏറത്ത് സ്വദേശി മണലിക്കൽ എം.മാധവനും, മട്ടുപ്പാവ് കൃഷിക്ക് അടൂർ സ്വദേശി സുമാ നരേന്ദ്രയും അർഹരായി. സാബു പുല്ലാട്ട് (മികച്ച സ്ഥാപന മേധാവി ര ാം സ്ഥാനം), എം.ജി.എം ബഥനി ശാന്തിഭവൻ സ്പെഷ്യൽ സ്കൂൾ (സ്ഥാപനാധിഷ്ഠിത കൃഷി സ്വകാര്യ സ്ഥാപനം) ഒന്നാം സ്ഥാനം, മികച്ച കൃഷി അസിസ്റ്റന്റ് വി.വി അനിൽകുമാർ (ഇരവിപേരൂർ കൃഷിഭവൻ) ഒന്നാം സ്ഥാനം.

(പിഎൻപി 3721/19)

## ശുചീകരണ യജ്ഞം ഇന്ന്(21)

ജില്ലയിലെ നീർച്ചാലുകളുടെ ജനകീയ വീ ടുപ്പിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ഇന്ന്(21) വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പരുവയിൽ പമ്പാനദിയിലെ നീർച്ചാലായ ഓരോപൊയ്ക പമ്പാനദിതോടിന്റെ ശുചീകരണ പ്രവർത്തനം നടക്കും. ശുചീകരണ യജ്ഞത്തിന്റെ ഉദ്ഘാടനം രാവിലെ 9ന് റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു നിർവഹിക്കും. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോസമ്മ സ്കറിയ അധ്യക്ഷത വഹിക്കും. ഹരിതകേരളം ജില്ലാ കോർഡിനേറ്റർ ആർ.രാജേഷ് മുഖ്യ പ്രഭാഷണം നടത്തും. ആരോഗ്യ വകുപ്പിന്റെയും പൊതുജനങ്ങളുടെയും പങ്കാളിത്തതോടെയാണ് ശുചീകരണ യജ്ഞം നടക്കുക.

(പിഎൻപി 3722/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 20<br>December 20 | 2019 |
|---|---|

*1193 ധനു 4* വെള്ളി

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ക്രിസ്മസ്, പുതുവത്സരത്തോടനുബന്ധിച്ച്**
**എക്സൈസ് പരിശോധന ശക്തമാക്കും**

ക്രിസ്മസ്, പുതുപുതുവത്സരം കണക്കിലെടുത്ത് മദ്യവും മറ്റ് ലഹരി ഉൽപന്നങ്ങളും വ്യാപകമാകാൻ സാധ്യതയുള്ളതിനാൽ പരിശോധന ശക്തമാക്കാൻ അഡിഷണൽ ഡിസ്ട്രിക്ക് മജിസ്ട്രേറ്റ് അലക്സ് പി.തോമസ് എക്സൈസിനോടും പോലീസിനോടും നിർദേശിച്ചു. ജില്ലയിലെ വ്യാജമദ്യ നിയന്ത്രണ സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതുവത്സര തലേന്ന് രാത്രി 11ന് ശേഷം ബാറുകൾ തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മോഹൻകുമാർ യോഗത്തിൽ പറഞ്ഞു. വിദ്യാർഥികൾക്ക് ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറക്കാൻ പരിശോധനകളും ബോധവൽക്കരണവും ശക്തമാക്കണമെന്നും എ.ഡി.എം നിർദേശിച്ചു. കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തന റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിച്ചു. കഴിഞ്ഞ ഒരുമാസത്തിനിടെ ജില്ലയിൽ 1012 റെയ്ഡ് എക്സൈസ് നടത്തി. 78 അബ്കാരി കേസുകളിലായി 74 പേരെ അറസ്റ്റ് ചെയ്തു.1467 കോട്പ കേസുകൾ രജിസ്റ്റർ ചെയ്തു 118.8 കിലോഗ്രാം നിരോധിത പുകയില ഉത്പന്നങ്ങൾ പിടിച്ചെടുത്തു. 2,93,200 രൂപ പിഴ ഈടാക്കി. സ്കൂൾ പരിസരത്ത് നിരോധിത പുകയില ഉൽപന്നങ്ങൾ ക ത്തിയാൽ 77 ജെ.ജെ ആക്ട് പ്രകാരം ജാമ്യമില്ലാതെ റിമാൻഡ് ചെയ്യുമെന്ന് പോലീസ് പറഞ്ഞു.

സ്കൂൾ പരിസരത്തെ പരിശോധന ശക്തമാക്കുമെന്നും പോലീസ് പറഞ്ഞു. യോഗത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, വ്യാജമദ്യ നിയന്ത്രണ സമിതി ഭാരവാഹികളായ ഫാ: ഗീവർഗീസ് ബ്ലാഹേലത്ത്, ജയചന്ദ്രൻ ഉണ്ണിത്താൻ, മുഹമ്മദ് സാലി, പി.വി എബ്രഹാം, ബേബികുട്ടി ഡാനിയൽ, നൗഷാദ് കണ്ണകര തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 3723/19)

## വനിതകൾക്ക് അവസരം നൽകാൻ ശുപാർശ ചെയ്യും: ഡോ. ഷാഹിദ കമാൽ

പോലീസ് ടെലികമ്യൂണിക്കേഷൻസിൽ വനിതകൾക്ക് അവസരം നൽകാൻ മുഖ്യമന്ത്രിക്കും, പി.എസ്.സി ചെയർമാനും ശുപാർശ നൽകുമെന്ന് വനിതാ കമ്മീഷൻ അംഗം ഡോ.ഷാഹിദാ കമാൽ പറഞ്ഞു. പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാകമ്മീഷൻ അദാലത്തിൽ പരാതി പരിഹരിക്കുകയായിരുന്നു കമ്മീഷൻ അംഗം. നിലവിൽ ടെലികമ്യൂണിക്കേഷൻസ് വകുപ്പിൽ വനിതകൾക്ക് പി.എസ്.സി മുഖേന അപേക്ഷിക്കുന്നതിനോ, നിയമനം ലഭിക്കുന്നതിനോ അവസരം ഇല്ല. ഒരു കേസുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായാണ് ഇക്കാര്യം കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടത്. സ്ത്രീ സാക്ഷരതയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന കേരളത്തിൽ സ്ത്രീകൾ ചെന്നെത്താത്ത മേഖലകളില്ല. നവോഥാനമൂല്യങ്ങൾക്കും, സ്ത്രീസമത്വത്തിനും,സുരക്ഷിതത്വത്തിനും മുന്തിയ പരിഗണന നൽകുന്ന സർക്കാരാണ് കേരളത്തിലുള്ളത്. ഇതിന്റെ ഭാഗമായാണ് സ്ത്രീകൾക്കു വേ ി പ്രത്യേക വകുപ്പു തന്നെ രൂപീകരിച്ചിട്ടുള്ളത്. ടെലികമ്യൂണിക്കേഷൻസിന്റെ ടവർ മിക്കതും ആദ്യകാലങ്ങളിൽ സ്ഥാപിച്ചിരുന്നത് ഉൾപ്രദേശങ്ങളിൽ ആയിരുന്നു. ഇക്കാരണത്താൽ ആയിരിക്കാം സ്ത്രീകളെ ഈ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത് എന്നു കരുതുന്നു. എന്നാൽ കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് വനിതകൾക്കും ടെലികമ്യൂണിക്കേഷൻസിൽ ജോലിചെയ്യുന്നതിന് അവസരം ഒരുക്കണമെന്ന് സർക്കാരിനോട് അഭ്യർഥിക്കുമെന്നും ഡോ.ഷാഹിദാ കമാൽ പറഞ്ഞു.

പത്തനംതിട്ട ജില്ലയിൽ നിലവിൽ 33 പരാതികൾ മാത്രമാണ് ഇനി തീർപ്പാക്കാനുള്ളത്. വനിതാ കമ്മീഷൻ അംഗമായി പത്തനംതിട്ട ജില്ലയുടെ ചുമതല ഏറ്റെടുക്കുമ്പോൾ പരാതികളുടെ പ്രളയമായിരുന്നു. എന്നാൽ എല്ലാ മാസവും തുടർച്ചയായും, കൃത്യമായും നിരന്തരം നടത്തിയ അദാലത്തുകളിൽ ഇരുകക്ഷികളെയും വ്യക്തമായി കേട്ട് പരാതികൾ പരിഹരിച്ചതിന്റെ ഭാഗമാണ് എണ്ണം 33 ആക്കി കുറയ്ക്കാൻ സാധിച്ചത്. ഈ പരാതികൾ കൂടി പരിഹരിച്ച് , പുതുതായി പരാതികൾ ലഭിച്ചില്ലെങ്കിൽ പത്തനംതിട്ട ജില്ല പരാതിരഹിതജില്ലയായി പ്രഖ്യാപിക്കാൻ സാധിച്ചേക്കുമെന്നും ഡോ.ഷാഹിദകമാൽ പറഞ്ഞു.

മുൻഅദാലത്തിൽ തീരുമാനമെടുത്തിരുന്ന മിക്കപരാതികളും ഈ അദാലത്തിൽ പൂർണമായി തീർപ്പാക്കാൻ സാധിച്ചു. ഭർത്താവിന്റെ മരണശേഷം ഭർത്തൃഗൃഹത്തിലെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ പരാതി നൽകിയിരുന്ന കോറ്റാത്തൂർ സ്വദേശിനിയുടെ അപേക്ഷയിൽ ആനുകൂല്യങ്ങൾക്ക് അർഹതയില്ലെങ്കിലും മാനുഷികമൂല്യങ്ങൾ കണക്കിലെടുത്ത് പരാതക്കാരിയുടെ പേരിൽ പാമ്പാടി സഹകരണബാങ്കിലു ായിരുന്ന ഒരുലക്ഷത്തോളം രൂപയുടെ വായ്പ തിരിച്ചടയ്ക്കാമെന്ന് ഭർതൃസഹോദരൻ സമ്മതിച്ചത് പാലിച്ചു. കൂടാതെ 50000 രൂപ പരാതിക്കാരിക്ക് നൽകാമെന്ന വ്യവസ്ഥ പാലിക്കുന്നതിന്റെ

ഭാഗമായി തുക അദാലത്തിൽ നേരിട്ടെത്തി കമ്മീഷനു കൈമാറുകയും പരാതിക്കാരിക്ക് തുക നൽകുകയും ചെയ്തു.

ആകെ 56 പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്. ഇതിൽ 18 എണ്ണം തീർപ്പാക്കി. അന്വേഷണ റിപ്പോർട്ടുകൾക്കായി അഞ്ചു പരാതികൾ അയച്ചു. 33 പരാതികൾ അടുത്ത അദാലത്തിൽ വീ ും പരിഗണിക്കും. വനിതാകമ്മീഷൻ ഇൻസ്പെക്ടർ എം.സുരേഷ്കുമാർ, വനിതാ ഹെൽപ് ലൈൻ എസ്ഐ പി.ജി.വിജയകുമാരി, ലീഗൽ പാനൽ ഉദ്യോഗസ്ഥരായ അഡ്വ.സീമ, അഡ്വ.സബീന, കൗൺസിലർമാരായ കെ.രമ്യ, കലാരാജ്, ഒബിനി സൂസൻ ചാക്കോ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: വനിത കമ്മീഷൻ:-*** പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാ കമ്മീഷന്റെ അദാലത്തിൽ പരാതികൾ പരിഗണിക്കുന്ന അംഗം ഡോ.ഷാഹിദാ കമാൽ.

***വനിത കമ്മീഷൻ 1:-*** പത്തനംതിട്ട കളക്ടറേറ്റിൽ നടന്ന വനിതാ കമ്മീഷൻ അദാലത്തിൽ കമ്മീഷനംഗം ഡോ.ഷാഹിദാ കമാലിന്റെ ഇടപെടലിനെ തുടർന്ന് ആനുകൂല്യങ്ങൾ കൈമാറുന്നു.

(പിഎൻപി 3724/19)

## ഹരിത ചട്ടം പാലിച്ച് കുളനട വല്യാനൂർ പെരുംതോട് പുനരുജീവനം; വീണാ ജോർജ് എം.എൽ.എ ഉദ്ഘാടനം ചെയ്തു

ജില്ലയിലെ നീർച്ചാലുകളുടെ ജനകീയ വീ ടുപ്പിനായി ഹരിതകേരളം മിഷൻ നടത്തിവരുന്ന ജനകീയ ക്യാമ്പയിനായ ഇനി ഞാൻ ഒഴുകട്ടെ നീർച്ചാൽ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി കുളനട ഗ്രാമപഞ്ചായത്തിൽ പനങ്ങാട് വല്യാനൂർ പെരുംതോട് പുനരുജീവന പ്രവർത്തനങ്ങൾ നടന്നു. നീർചാലുകളുടെ ജനകീയ വീ ടുപ്പ് പ്രവർത്തനത്തിന്റെ ഉദ്ഘാടനം പനങ്ങാട് വല്യാനൂർ ക്ഷേത്ര മൈതാനത്തു കൂടിയ സമ്മേളനത്തിൽ വീണാ ജോർജ് എം.എൽ.എ നിർവഹിച്ചു.

പനങ്ങാട് ഏലായിൽ കൃഷി പുനരുജീവിക്കുന്നതിന്റെ ഭാഗമായി ഇറിഗേഷനുമായി ബന്ധപ്പെടുത്തി 12 കോടിയുടെ പദ്ധതി തയാറാക്കിയിട്ടു ന്ന് വീണാ ജോർജ് എം.എൽ.എ പറഞ്ഞു. ആറന്മുള നിയോജക മണ്ഡലത്തെ മുഴുവനായി 2020ഓടെ തരിശുരഹിത മണ്ഡലമാക്കാനുള്ള പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കുമെന്നും അതിൽ കുളനട പഞ്ചായത്തിന് മികച്ച സംഭാവനകൾ നൽകാൻ കഴിയും. കൃഷി വകുപ്പ്, ഹരിത കേരളം മിഷൻ, തദ്ദേശ സ്വയംഭരണവകുപ്പ്, ചെറുകിട ജലസേചന വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പദ്ധതി ആവിഷ്കരിക്കാണ് തീരുമാനമെന്നും എം.എൽ.എ പറഞ്ഞു.

പനങ്ങാട് ഏലായിലെ പെരുംതോട് വൃത്തിയാക്കലിന്റെ മുന്നോടിയായി ഏലായെച്ചുറ്റി സന്ദേശറാലിയും നടന്നു. യോഗത്തിന് മുന്നോടിയായി ഇടവട്ടത്തുംനിന്നും ആരംഭിച്ച വിളംബര ഘോഷയാത്ര പൂർണമായും ഹരിത ചട്ടങ്ങൾ പാലിച്ചുകൊ ് നടന്നത് നാടിനു കൗതുകമായി മാറി. 20 വർഷമായി തരിശായിക്കിടന്ന 250 ഏക്കർ പനങ്ങാട് ഏലാപ്രദേശത്തിലൂടെ കടന്നുപോകുന്ന പ്രധാന തോടുകളെല്ലാംതന്നെ നിർജീവമായിരുന്നതിനാൽ കൃഷി നിലച്ച അവസ്ഥയിലായിരുന്നു. അച്ചൻകോവിലാർ പോളച്ചിറ എന്നിവയെ ബന്ധിപ്പിക്കുന്ന തോടാണിത്.

കുളനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അശോകൻ കുളനട അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് ശോഭന അച്യുതൻ, ഹരിത കേരളം ജില്ലാ കോർഡിനേറ്റർ ആർ.രാജേഷ് എന്നിവർ സംസാരിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശശികല സുരേഷ്, പഞ്ചായത്ത് അംഗങ്ങളായ എം.എസ്സ് സുരേഷ്, പോൾ രാജൻ, കെ.ആർ ജയചന്ദ്രൻ, വിശ്വകല, ശ്രീലത മോഹൻ, സി.ഡി.എസ്സ് ചെയർപേഴ്സൺ ശ്രീജ സുരേഷ്, കൃഷി ഓഫീസർ നസീറ ബീഗം, മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സിന്ധു, ഹരിത കേരളം ഉദ്യോഗസ്ഥൻ കെ. രാധാകൃഷ്ണൻ നായർ, കർഷകർ പരിസ്ഥിതി പ്രവർത്തകർ, കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകർ, പഞ്ചായത്ത് സെക്രട്ടറി പി. മനോജ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി അജി ദേവ്, സൂപ്ര ് രാജേഷ് എന്നിവർ ചടങ്ങിൽ സജീവ സാന്നിധ്യമായി.

**ഫോട്ടോ അടിക്കുറിപ്പ്: വീണാ ജോർജ്:-**

കുളനട ഗ്രാമപഞ്ചായത്തിൽ പനങ്ങാട് വല്യാനൂർ പെരുംതോട് പുനരുജീവന പ്രവർത്തനങ്ങൾ വീണാ ജോർജ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 3725/19)

## വിദ്യാർഥികളുടെ ഉന്നതിക്കായി 'ഹോപ്പ്'പദ്ധതിയുമായി പോലീസ്

വിദ്യാർഥികളിൽ മൂല്യങ്ങൾ വളർത്തുന്നതിനും ആത്മവിശ്വാസം ഉയർത്തുന്നതിനും പഠനമികവ് ഉയർത്തി മികച്ച വിജയം നേടാൻ സഹായിക്കുന്നതിനും കേരളാ പോലീസ് ആവിഷ്കരിച്ച 'ഹോപ്പ്' പദ്ധതി പത്തനംതിട്ട ജില്ലയിൽ ആരംഭിച്ചു. ജില്ലാതല ഉദ്ഘാടനം ജില്ലാ പോലീസ് മേധാവി ജി.ജയദേവ് നിർവഹിച്ചു.

പരീക്ഷകളിൽ നല്ല മാർക്ക് വാങ്ങുന്നതുപോലെ പ്രധാനമാണ് നല്ല മൂല്യങ്ങൾ പകർത്തി ജീവിതത്തിൽ മികച്ച വ്യക്തിത്വം രൂപവത്ക്കരിക്കുന്നതും നല്ല മനുഷ്യനായി മാറുന്നതുമെന്ന് ജില്ലാ പോലീസ് മേധാവി പറഞ്ഞു. പരീക്ഷയിൽ തോൽക്കുന്നു എന്നത് ജീവിതപരീക്ഷയിലെ തോൽവി ആയി കാണരുത്. അതിൽ നിന്നും പാഠങ്ങൾ പഠിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തുകയോ, പത്താം ക്ലാസ് , പ്ലസ് ടു പരീക്ഷകളിൽ വിജയിക്കാൻ കഴിയാതെ വരികയോ ചെയ്യുന്ന വിദ്യാർഥികളെ ക ത്തി ചിട്ടയായ പരിശീലനം നൽകി വിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, പോലീസും ചേർന്ന് പൊതുജനപങ്കാളിത്തത്തോടെ നടത്താൻ ഉദ്ദേശിച്ച പദ്ധതിയുടെ ഉദ്ഘാടനത്തിലും പഠനക്ലാസിലും നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

വിദ്യാർഥികൾക്കുള്ള പഠനക്ലാസുകളുടെ ഉദ്ഘാടനം ജില്ലാ പോലീസ് ഹെഡ് ക്വാർട്ടേഴ്സ് സഭാ ഹാളിലാണ് നടന്നത്. അഡീഷണൽ എസ്.പി: എസ്.ശിവപ്രസാദ് അധ്യക്ഷത വഹിച്ച പരിപാടിയിൽ ജില്ലാ നാർക്കോട്ടിക് സെൽ ഡി.വൈഎസ്.പി:ആർ പ്രദീപ്കുമാർ സ്വാഗതം പറഞ്ഞു. അധ്യാപകനും ഹോപ് പദ്ധതി റിസോഴ്സ് പേഴ്സണുമായ ബി.ഹരി, ജി.സുനിൽകുമാർ, പത്തനംതിട്ട പ്രതിഭ കോളജ് അഡ്മിനിസ്ട്രേറ്റർ കെ.ആർ അശോക്കുമാർ, മാർ ഫിലോസിനോസ് ഐടിസി പ്രിൻസിപ്പാൾ ക്യാപ്റ്റൻ ബിജു ജോർജ്, അധ്യാപകരായ മനീഷ്.എം മനോഹരൻ, ടോം ടി ജോർജ് എന്നിവർ സംസാരിച്ചു. എസ്പിസി പ്രോജക്ട അസി.നോഡൽ ഓഫീസർ എസ്.ഐ: ജി.സുരേഷ് കുമാർ കൃതജ്ഞത അർപ്പിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: എസ്പി:*** – വിദ്യാർഥികൾക്കായി കേരളാ പോലീസ് ആവിഷ്കരിച്ച 'ഹോപ്പ്' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ പോലീസ് മേധാവി ജി.ജയ ദേവ് നിർവഹിക്കുന്നു.

(പിഎൻപി 3726/19)

## ശബരിമല ഇന്ന് (21) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ഇന്ന് (21) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: പരാഗ് മെഡിക്കൽസ് ആന്റ് ഏജൻസീസ് കോന്നി, പീപ്പിൾസ് ക്ലിനിക് ഹോസ്പിറ്റൽ പത്തനംതിട്ട, കാവിൽ ഡ്രഗ് ഹൗസ് കോഴഞ്ചേരി, പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്ര കുളനട, മരങ്ങാട്ട് മെഡിക്കൽസ് കാവുംഭാഗം തിരുവല്ല, മേമന മെഡിക്കൽ സ്റ്റോർ അങ്ങാടി റാന്നി, പടിഞ്ഞാറെ മണ്ണിൽ മെഡിക്കൽസ് റാന്നി.

(പിഎൻപി 3727/19)

## ജില്ലാ കളക്ടറുടെ അദാലത്ത് ഇന്ന് (21) റാന്നിയിൽ

ജില്ലാ കളക്ടറുടെ പരാതി പരിഹാര അദാലത്ത് ഇന്ന് (21) രാവിലെ 9.30 ന് റാന്നി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കും.

(പിഎൻപി 3728/19)

## ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരടുരേഖയിൽ മാറ്റം അനിവാര്യം: മാത്യു ടി.തോമസ് എം.എൽ.എ

തിരുവല്ല ഡയറ്റിന്റെ നേതൃത്വത്തിൽ ദേശീയ വിദ്യാഭ്യാസ നയം 2019 എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. മാത്യു ടി.തോമസ് എം.എൽ.എ സെമിനാർ ഉദ്ഘാട നം ചെയ്തു. ജനാധിപത്യ ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതാകണം ദേശീയ വിദ്യാഭ്യാസ നയം എന്നും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരടുരേഖയിൽ മാറ്റം അനിവാര്യമാണെന്നും അദേഹം പറഞ്ഞു. പൊതുവിദ്യാഭ്യാസ, ഉന്നത വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനും നവീകരിക്കാനും പുതിയ നയത്തിനാകണമെന്നും അദ്ദേഹം പറഞ്ഞു.

ഡയറ്റ് പ്രിൻസിപ്പാൾ പി. ലാലിക്കുട്ടി യോഗത്തിൽ അധ്യക്ഷത വഹിച്ചു. സ്കൂൾ വിദ്യാഭ്യാസ മേഖല, ഉന്നത വിദ്യാഭ്യാസ മേഖല തുടങ്ങിയ വിഷയങ്ങളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോർഡിനേറ്റർ രാജേഷ് വള്ളിക്കോട്, ഡയറ്റ് ഫാക്കൽറ്റി അജേഷ് കുമാർ ടി.ബി എന്നിവർ വിഷയാവതരണം നടത്തി. സമഗ്ര ശിക്ഷാകേരള മുൻ ജില്ലാ പ്രോജക്ട് ഓഫീസർ ആർ.വിജയമോഹനൻ, തിരുവല്ല ഡിസ്ട്രിക് എഡ്യുക്കേഷൻ ഓഫീസർ ഡെയ്സി സിറിയക്ക്, ഡയറ്റ് സീനിയർ ലക്ചറർ പി.ആർ രാജേന്ദ്രൻ ജില്ലയിലെ എല്ലാ അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള ടീച്ചർ എഡ്യുക്കേറ്റർമാർ, അധ്യാപക വിദ്യാർത്ഥികൾ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: മാത്യു ടി തോമസ്:-*** തിരുവല്ല ഡയറ്റിന്റെ നേതൃത്വത്തിൽ ദേശീയ വിദ്യാഭ്യാസ നയം 2019 എന്ന വിഷയത്തിൽ നടത്തിയ സെമിനാർ മാത്യു ടി.തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 3729/19)

## കാന്റീൻ പുനർ ക്വട്ടേഷൻ

റാന്നി പി.എം റോഡിൽ സ്ഥിതി ചെയ്യുന്ന പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്ര സമുച്ചയത്തിൽ പ്രവർത്തിച്ചു വരുന്ന കാന്റീൻ 2020 ജനുവരി ഒന്നു മുതൽ ഒരു വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്താൻ കാന്റീൻ നടത്തിയോ അവയിൽ ജോലി ചെയ്തോ മുൻ പരിചയമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. കാന്റീൻ കെട്ടിടം, വൈദ്യുതി, വെള്ളം, ഫർണിച്ചറുകൾ തുടങ്ങിയവ അനുവദിക്കും. ക്വട്ടേഷനുകൾ ആധാർ രേഖയുടെ പകർപ്പ് സഹിതം ഡിസംബർ 24 ന് പകൽ 3 നകം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, സബ് ഡിവിഷൻ ഓഫീസ്, പത്തനംതിട്ട എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ : 0468 2325270.

(പിഎൻപി 3730/19)

## കുടനിർമാണവുമായി കോന്നി ഐ.എച്ച്.ആർ.ഡി വിദ്യാർഥികൾ

കോന്നി ഐ.എച്ച്.ആർ.ഡി കോളജ് ഓഫ് അപ്ലൈഡ് സയൻസ് ഇ.ഡി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2019 -2020 വർഷത്തെ പ്രവർത്തന ഉദ്ഘാടനം കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ നിർവഹിച്ചു. കോളജ് പ്രിൻസിപ്പൽ ബി. ശ്യാംലാൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പ്രിയ എസ്. തമ്പി, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥൻ ബി.രതീശൻ, ഇ.ഡി ക്ലബ് കോ-ഓർഡിനേറ്റർ എസ്.അരുൺ, കോളജ് ചെയർമാൻ സാഹിൽ കൃഷ്ണ, കെ.കെ സരിതമോൾ, പി.എസ് ശ്രുതി, രേഷ്മ മനോജ്, എസ്.അഭിനന്ദ് എന്നിവർ പ്രസംഗിച്ചു.

അനഘ ദാസിന്റെ നേതൃത്വത്തിൽ കുടനിർമാണ പരിശീലനം നൽകി. ഐ.എച്ച്.ആർ.ഡി ഓഫീസ് സൂപ്ര ് കെ.എസ് ഷംല വിദ്യാർഥികൾ നിർമിച്ച കുട കോന്നിയൂർ പി.കെയിൽ നിന്നും ഏറ്റുവാങ്ങി. വ്യവസായ സംരംഭം തുടങ്ങാൻ വിദ്യാർഥികൾക്ക് പ്രചോദനം നൽകുകയും പുതിയവിപണന മേഖലയിലെ സാധ്യതകളേക്കുറിച്ച് മനസിലാക്കാൻ വിദ്യാർഥികൾക്ക് കഴിഞ്ഞു.

കുട നിർമാണവുമായി ബന്ധപ്പെട്ട് പരിശീലക അനഘ ദാസിന്റെ നേതൃത്വത്തിൽ വിദ്യാർഥികളെ ഗ്രൂപ്പുകളായി തരംതിരിച്ചു നിർദേശങ്ങൾ നൽകി. വിദ്യാർഥികളുടെ ശ്രമഫലമായി 25 കുടകൾ നിർമിച്ചു. പല വർണങ്ങളിലുള്ള ത്രീഫോൾഡിന്റെ കുടകളാണ് നിർമിച്ചത്. വിപണനം ചെയ്യുന്നതിനായി വിദ്യാർഥികൾ കുടയ്ക്ക് 270, 290, 310 എന്ന രീതിയിൽ വില തീരുമാനിച്ചു. പ്രിന്റഡ് കുടയ്ക്ക് 310, കളർ കുടകൾക്ക് 290, കറുപ്പ് നിറമുള്ള കുടകൾക്ക് 270 എന്നീ രീതിലാണ് വില. കുട നിർമാണത്തിൽ നിന്നുള്ള ലാഭത്തിൽ പേപ്പർ ബാഗ് നിർമാണത്തിലേക്കു കൂടി കടക്കാൻ വിദ്യാർഥികൾ തീരുമാനിച്ചു.

***ഫോട്ടോ അടിക്കുറിപ്പ് : ഐ.എച്ച്.ആർ.ഡി:-*** കോന്നി ഐ.എച്ച്.ആർ.ഡി. കോളജ് ഓഫ് അപ്ലൈഡ് സയൻസ് ഇ.ഡി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2019 -2020 വർഷത്തെ

പ്രവർത്തന ഉദ്ഘാടനം കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ നിർവഹിക്കുന്നു.

***ഐ.എച്ച്.ആർ.ഡി 1:-***

കോന്നി ഐ.എച്ച്.ആർ.ഡി കോളജ് ഓഫ് അപ്ലൈഡ് സയൻസ് ഇ.ഡി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾ കുട നിർമ്മിക്കുന്നു.

(പിഎൻപി 3731/19)

## വിദ്യാലയങ്ങളിൽ സൗജന്യ യോഗ പരിശീലനം ലഭ്യമാക്കി ഏറത്ത് ഗ്രാമപഞ്ചായത്ത്

ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിൽ സൗജന്യ യോഗാ ക്ലാസുകൾ ആരംഭിച്ചു. സ്കൂൾ വിദ്യാർഥികൾക്കായുള്ള യോഗ പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഏറത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈല റെജി നിർവഹിച്ചു. വരും തലമുറയ്ക്ക് യോഗ പരിശീലനത്തിലൂടെ അവരുടെ ആരോഗ്യം, അച്ചടക്കം കലാ കായിക മേഖല എന്നിവയിൽ നല്ലരീതിയിൽ മാറ്റം വരുത്താൻ കഴിയും എന്ന ഉത്തമ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് ഏറത്ത് പഞ്ചായത്ത് പ്രസിഡന്റ് ഷൈല റെജി പറഞ്ഞു.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ പ്രഗൽഭരായ ര ് യോഗ അധ്യാപകരെ നിയമിച്ച് ആഴ്ചയിൽ അഞ്ച് ദിവസം സൗജന്യ ക്ലാസുകൾ നൽകും. ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2019- 2020 ബജറ്റിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. അടൂർ താലൂക്കിലെ സ്കൂളുകളിൽ ഏറത്ത് പഞ്ചായത്തിലാണ് പദ്ധതിക്ക് ആരംഭംകുറിച്ചത്. പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിൽ നിന്നുമുള്ള കുട്ടികളുടെ സജീവ പങ്കാളിത്തവും ശ്രദ്ധേയമായി.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശൈലേന്ദ്രനാഥ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ അജിത്ത്കുമാർ, റോസമ്മ ഡാനിയേൽ, ബിജി തുടങ്ങിയവർ പ്രസംഗിച്ചു. യോഗ അദ്ധ്യാപകരായ ഷെമീമ, മീനാക്ഷി എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

(പിഎൻപി 3732/19)

## നാഷണൽ ട്രസ്റ്റ് പ്രാദേശിക സമിതി യോഗം 31ന്

ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽപാൾസി തുടങ്ങിയവ ബാധിച്ചവർക്ക് നിയമപരമായ രക്ഷകർത്താവിനെ അനുവദിക്കുന്നതു സംബന്ധിച്ച നാഷണൽ ട്രസ്റ്റ് പ്രാദേശിക സമിതി യോഗം 31 ന് രാവിലെ 10ന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

(പിഎൻപി 3733/19)

## ജില്ലാ ആസൂത്രണ സമിതി യോഗം 30 ന്

ജില്ലാ ആസൂത്രണ സമിതി യോഗം ഡിസംബർ 30 ന് ഉച്ചകഴിഞ്ഞ് 2.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

(പിഎൻപി 3734/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.